LIBRARY ARCHIVES Kerala Legislative Assembly

ടി രീതികളിൽ ഇ-ലേല സംവിധാനം വന്നതോടുകൂടി മാറ്റം വന്നിട്ടുണ്ട്. വനംവകുപ്പിൽ തടി ഉൾപ്പെടെയുള്ള വനവിഭവങ്ങൾ വിൽപ്പന നടത്തുന്നതിന് ഓൺലൈൻ രീതികൾ ആരംഭിച്ചതുവഴി സാധാരണ ലേല നടപടികളിലെ കാലതാമസം ഒഴിവാകുന്നതിനൊപ്പം ഏതു പ്രദേശത്തുനിന്നും ഓൺലൈൻവഴി ഇ-ലേലത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. വേഗമാർന്ന നടപടികളും, സുതാര്യതയും വിശ്വാസ്യതയും ഓൺലൈൻ രീതികളുടെ പ്രത്യേകതയാണ്. ഭാരത സർക്കാർ നിയന്ത്രണത്തിലുള്ള M/s MSTC Ltd. എന്ന പൊതുമേഖലാ സ്ഥാപനം വഴിയാണ് ഓൺലൈൻ തടി വിപണനം.

തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി MSTC യുടെ വെബ്സൈറ്റായ www.mstcecommerce.com-ൽ രജിസ്റ്റർ ചെയ്യുക എന്നതാണ് ആദ്യഘട്ടം.

ഉൽപ്പന്നങ്ങളുടെ തരംതിരിവ്, അളവ് എന്നീ കാര്യങ്ങളിൽ നിലവിലുള്ള രീതി തന്നെയാണ് ഓൺലൈനിലും പിന്തുടരുന്നത്. തടി ഉൾപ്പെടെയുള്ള വനോൽപ്പന്നങ്ങൾ തരംതിരിച്ച് ലോട്ട് ലിസ്റ്റ് തയ്യാറാക്കി വിശദവിവരങ്ങൾ MSTC വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സൈറ്റിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ വ്യക്തികൾക്കും തടി വിൽപ്പന സംബന്ധിച്ച വിശദവിവരങ്ങൾ ഇ-മെയിൽ മുഖാന്തിരവും എസ്.എം.എസ്. വഴിയും ലഭ്യമാക്കുന്നതാണ്. മുൻകൂട്ടി നിശ്ചയിച്ച ലേലം സംബന്ധിച്ച പട്ടിക MSTC-യുടെ വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം (EMD) അടച്ച് ലേലത്തിൽ പങ്കാളിയാകാം. തടി വാങ്ങാൻ ഉദ്ദേശിക്കുന്ന വ്യക്തി ലേല തീയതിയ്ക്കു മുൻപ് തടി സൂക്ഷിച്ചിട്ടുള്ള ഡിപ്പോ/ഡമ്പിംഗ് സൈറ്റ് സന്ദർശിച്ച് ഉൽപ്പന്നങ്ങളുടെ അളവുകളും ഗുണനിലവാരവും തരംതിരിവുകളും കണ്ട് ബോദ്ധ്യപ്പെടാവുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടി സ്വീകരിച്ചു വരുന്നു. ഒറ്റ തവണത്തേക്കു മാത്രം 5 ക്യു.മീറ്റർ തടിയിൽ കൂടുതലാകാതെ വേണ്ടവർക്ക് 500 രൂപ ഫീസടച്ച് രജിസ്റ്റർ ചെയ്യാവുന്നതും ലേലം കൊണ്ട് തടി ലഭ്യമാക്കുന്നതുമാണ്.

വനംവകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ്

268 (3902)ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ ബോട്ടിംഗ് സർവ്വീസ് നടത്തുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണ്;

(ബി) ഇത്തരം സർവ്വീസുകൾക്ക് ഉപയോഗിക്കുന്ന ഏതു ബോട്ടുകളാണ് നിലവിൽ പ്രവർത്തനക്ഷമമല്ലാതെയുള്ളതെന്ന വ്യക്തമാക്കുമോ ;

(സി) ബോട്ടുകൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാത്തതുമൂലമുള്ള വരുമാനനഷ്ടം കണക്കാക്കാറുണ്ടോ ; ഇല്ലായെങ്കിൽ വരുമാന നഷ്ടമുണ്ടാകാതിരിക്കുന്നതിന് ബോട്ടുകൾ യഥാസമയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇത്തരം കേന്ദ്രങ്ങളിൽ ചെറിയ ബോട്ടുകളേക്കാൾ വലിയ ബോട്ടുകൾ ഉപയോഗിക്കുന്നത് കൂടുതൽ ലാഭകരവും സുരക്ഷിതവുമായിരിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ കൂടുതൽ വലിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) പെരിയാർ ടൈഗർ റിസർവ്വിലെ തേക്കടി ജലാശയത്തിലും നെയ്യാർ വന്യജീവി സങ്കേതത്തിലെ നെയ്യാർ ജലാശയത്തിലുമാണ് കേരളാ വനം വകുപ്പിനു കീഴിൽ വിനോദസഞ്ചാരികൾക്കായി ബോട്ട് സർവ്വീസ് നടത്തിവരുന്നത്.

(ബി) നെയ്യാർ ജലാശയത്തിൽ ഉപയോഗിക്കുന്ന രണ്ട് ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്ത സ്ഥിതിയിലാണ്.

(സി) ബോട്ടുകൾ പ്രവർത്തനക്ഷമമല്ലാത്തതു നിമിത്തമുള്ള വരുമാന നഷ്ടം കണക്കാക്കിയിട്ടില്ല. നെയ്യാറിൽ പ്രവർത്തനക്ഷമമായ മറ്റു രണ്ടു ബോട്ടുകളുപയോഗിച്ച് വിനോദസഞ്ചാര പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത ബോട്ടുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) തേക്കടി ജലാശയത്തിൽ സർവ്വീസ് നടത്തുന്ന രണ്ട് ബോട്ടുകളും വലിയ ബോട്ടുകളാണ്. നെയ്യാറിലെ ബോട്ടുകൾ താരതമ്യേന ചെറുതാണെങ്കിലും ജലാശയത്തിലെ സാഹചര്യങ്ങൾക്കിണങ്ങുന്നതും സുരക്ഷിതവുമാണ്.

(ഇ) ഉത്തരം (ഡി)യുടെ വെളിച്ചത്തിൽ ബാധകമല്ല.

ഇ.എഫ്.എൽ. കേസുകൾ

269 (3903) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എഫ്.എൽ. കേസുകൾ വനം വകുപ്പിനുവേണ്ടി ഇപ്പോൾ വാദിക്കുന്നത് ആരാണ് ;

LIBRARY ARCHIVES.Kerala Legislative Assembly